II ഇ.ബി. XIII കേരള നിയമസഭ/II-9

പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 ഒക്ടോബർ 11, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**33 (*241) പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും**

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്) നൽകിയ മറുപടിയിൽ, നടപ്പുവർഷത്തേയ്ക്കാവശ്യമായ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും പൂർത്തിയാക്കിയിട്ടുണ്ടെന്നും മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി പാഠപുസ്തകങ്ങൾ നേരിട്ട് സ്കൂൾ സൊസൈറ്റികൾക്ക് എത്തിച്ചുകൊടുക്കുന്ന സമ്പ്രദായമാണ് നിലവിലുള്ളതെന്നും സഭയെ അറിയിച്ചു. സൊസൈറ്റികൾ മുഖേനയുള്ള പാഠപുസ്തക വിതരണം മോണിറ്റർ ചെയ്യുന്നതിന് എ.ഇ.ഒ./ഡി.ഇ.ഒ.-മാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതും ഈ മേഖലയിലെ വിദഗ്ദ്ധരുമായി കൂടിയാലോചിച്ച് മേൽനടപടികൾ സ്വീകരിക്കുന്നതുമാണ്. ഈ അദ്ധ്യയന വർഷം ജൂലൈ/സെപ്റ്റംബർ മാസങ്ങളിൽ രണ്ട് ഘട്ടങ്ങളിലായി പാഠപുസ്തക വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. വിതരണ രീതിയിൽ മാറ്റം വരുത്തിയതു വഴി 2.95 കോടി രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ടെന്നും വിതരണ

ചെലവിൽനിന്നും സ്കൂൾ സൊസൈറ്റികളെ ഒഴിവാക്കിയതിനാൽ അവയ്ക്ക് നൽകിയിരുന്ന കമ്മീഷൻ 10 ശതമാനത്തിൽനിന്നും 5 ശതമാനമാക്കി നഷ്ടം നികത്തിയിട്ടുണ്ടെന്നും അധികച്ചെലവുകൾ കുറച്ചും നടപടിക്രമങ്ങൾ ലഘൂകരിച്ചും സമഗ്രവും ഫലവത്തായതുമായ പുതിയ വിതരണ രീതി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞുവെന്നും മന്ത്രി വ്യക്തമാക്കി. വരും വർഷത്തേയ്ക്കാവശ്യമായ പുസ്തകങ്ങൾ അച്ചടിക്കു ന്നതിന് മതിയായ അളവിൽ ഗുണമേന്മയുള്ള കടലാസ് ലഭ്യമാക്കുകയും ഡി.ഇ.ഒ. മാർ മുഖേന ഇൻഡന്റ് ശേഖരിച്ച് മാറ്റമില്ലാത്ത പുസ്തകങ്ങളുടെ അച്ചടി കെ.ബി.പി.എസ്.-ൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത അദ്ധ്യയന വർഷം സ്കൂൾ തുറക്കുമ്പോൾത്തന്നെ പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനും അംഗീകൃത അൺ-എയ്ഡഡ് സ്കൂളുകൾക്ക് യഥാസമയം പുസ്തകങ്ങൾ എത്തിച്ചുകൊടുക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഗവൺമെന്റ് പ്രസ്സിനു പുറമെ സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗിനേയും പാഠപുസ്തകങ്ങളുടെ അച്ചടി ഏൽപ്പിക്കുന്നതാണെന്നും മലയാളം ഒന്നാംഭാഷയാക്കുന്നതുമായി ബന്ധപ്പെട്ട് പാഠപുസ്തകങ്ങളുടെ അച്ചടിയിലുണ്ടാകാവുന്ന വർദ്ധനവ് നേരിടുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെ ടുത്തിയിട്ടുണ്ടെന്നും സൗജന്യ പാഠപുസ്തക വിതരണം പത്താം ക്ലാസ് വരെ യാക്കുന്നതു സംബന്ധിച്ച് ആലോചിക്കാവുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**34 (* 242) <u>ഭൂമികേരളം പദ്ധതി</u>**

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, കേരളാ ലാന്റ് ഇൻഫർമേഷൻ മിഷന്റെ കീഴിൽ റീസർവ്വെ പ്രവർത്തനങ്ങൾക്കായി ആരംഭിച്ച 'ഭൂമികേരളം' പദ്ധതിപ്രകാരം കൊല്ലം,

തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലേയും ചെങ്ങറ ഭൂസമരത്തിൽ പങ്കെടുത്ത ദുർബല ജനവിഭാഗങ്ങൾക്ക് ഏഴ് ജില്ലകളിലായി അനുവദിച്ച ഭൂമിയുടേയും വനാവകാശ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ടെന്നും ഇടുക്കി ജില്ലയിലെ സർവ്വേ നടപടികൾ അന്തിമഘട്ടത്തിലാണെന്നും സഭയെ അറിയിച്ചു. റീസർവ്വേയ്ക്ക് ആവശ്യമായ ജി.പി.എസ്. കൺട്രോൾ പോയിന്റുകൾ സ്ഥാപിക്കുന്ന ജോലിയും മേൽമുറി (മലപ്പുറം), മണക്കാട്, തിരുമല (തിരുവനന്തപുരം), പാലക്കാട്-1 (പാലക്കാട്), മാണിയൂർ (കണ്ണൂർ), പൂങ്കുന്നം (തൃശ്ശൂർ) എന്നീ വില്ലേജുകളുടെ റീസർവ്വേയും ഇടുക്കി ജില്ലയിലെ KDH വെരിഫിക്കേഷൻ സർവ്വേയും നടന്നുവരുന്നു. പട്ടിക വർഗ്ഗക്കാരെ പുരധിവസിപ്പിക്കുന്നതിനായി കണ്ണൂർ ജില്ലയിലെ ആറളംഫാമിൽ നൽകുന്ന സ്ഥലത്തിന്റെ മൂന്നാംഘട്ട സർവ്വേ പുരോഗമിച്ചുവരുന്നു. 21 വില്ലേജുകളുടെ സർവ്വേ റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ പള്ളിപ്പുറം വില്ലേജിലെ അപ്പോളോ കോളനിയിലെ 176 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനാവശ്യമായ ഭൂമി സർവ്വേ ചെയ്തിട്ടുണ്ട്. കാഞ്ഞിരപ്പുഴയിൽ ഇറിഗേഷൻ വകുപ്പിനും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിനും ആവശ്യമായ സ്ഥലത്തിന്റെ സർവ്വേ നടപടികൾ നടന്നുവരുന്നു. റീസർവ്വേ പൂർത്തിയാക്കിയ വില്ലേജുകളിൽ ഉടമാവകാശം, കൈവശഭൂമിയുടെ അളവ് എന്നിവ സംബന്ധിച്ച പരാതികൾ 31.05.2010-ലെ ഉത്തരവുപ്രകാരം പരിഹരിക്കുന്നതിന് ബന്ധപ്പെട്ട അഡീഷണൽ തഹസിൽദാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂമികേരളം പദ്ധതി പ്രകാരം ഗ്രിഡ് സിസ്റ്റത്തിൽ സർവ്വേ ചെയ്യുന്നതിനാൽ അളവുകളിൽ തെറ്റുകൾ സംഭവിച്ചാൽ സർവ്വേ സമയത്തുതന്നെ അത് പരിഹരിക്കാ

വുന്നതാണ്. ഭൂരേഖകളുടെ പരിപാലനം ശക്തിപ്പെടുത്തുന്നതിന് റവന്യൂ വകുപ്പിലെ സർവ്വേ വിഭാഗത്തിന്റേയും താലൂക്കുകളിലെ ലാന്റ് റെക്കോർഡ്സ് മെയിന്റനൻസ് വിഭാഗത്തിന്റേയും റീസർവ്വെ അദാലത്തിന്റേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും താലൂക്കുകളിലെ സർവ്വേ വിഭാഗം പുനഃസംഘടിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. 05.03.2011-ലെ ഉത്തരവുപ്രകാരം റീസർവ്വേ റിക്കാർഡുകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനും സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും സംവിധാനങ്ങൾ ഏർപ്പെടുത്തുകയും പോക്കുവരവ് ചട്ടങ്ങൾ പാലിക്കുന്നതിന് രജിസ്ട്രേഷൻ/റവന്യൂ വകുപ്പുകൾ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സ്പെഷ്യൽ സർവ്വേ നടത്തുന്നത് കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ കീഴിലാണെന്നും പെരിന്തൽമണ്ണ താലൂക്കിൽ അലിഗഡ് യൂണിവേഴ്സിറ്റിക്ക് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സർവ്വേയും പോലീസ് ആസ്ഥാന മന്ദിരം, കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വെയർ ഹൗസ് എന്നിവ സ്ഥാപിക്കുന്നതിനുള്ള സ്ഥലത്തിന്റെ സർവ്വേയും പുൽമേട് ദുരന്തബാധിത പ്രദേശത്തെ കോണ്ടൂർ സർവ്വേയും പൂർത്തീകരിച്ചിട്ടുണ്ട്. സർക്കാർ ഭൂമി തിട്ടപ്പെടുത്തിയശേഷമേ മറ്റ് റീസർവ്വെ നടപടികളിലേയ്ക്ക് പോകുകയുള്ളൂ. റീ സർവ്വേ സമയബന്ധിതമായി നടത്തുന്നതിനും ഫെയർവാല്യൂ ഫിക്സേഷനിൽ ഉണ്ടായ അപാകതകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കും. കാസർകോഡ് ജില്ലയിൽ റീസർവ്വേ സംബന്ധിച്ച 2261 പരാതികളിന്മേൽ തീർപ്പുണ്ടാക്കിയിട്ടുണ്ടെന്നും അവശേഷിക്കുന്നവ അദാലത്തുകൾവഴി പരിഹരിക്കാനാണ് ശ്രമിക്കുന്നതെന്നും പുത്തൻകുരിശ് വില്ലേജിൽ അമൃതകുടീരം പദ്ധതിപ്രകാരം താമ

സിക്കുന്നവർക്ക് പട്ടയം നൽകുന്ന കാര്യം പരിഗണിക്കുന്നതാണെന്നും ഉപ ചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

35 (*243) <u>**റോഡ് നിർമ്മാണത്തിന് പ്രത്യേക കമ്പനി**</u>

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സ്റ്റേറ്റ് ഹൈവേകളും എം.ഡി.ആർ.കളും ഉൾപ്പെടുന്ന 1000 കി.മീ. റോഡുകൾ അന്താരാഷ്ട്ര നില വാരത്തിൽ പുനർനിർമ്മിക്കാനുള്ള സമഗ്ര പദ്ധതി പ്രാവർത്തികമാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ 51 ശതമാനവും കേരള റോഡ് ഫണ്ട് ബോർഡിന്റെ 49 ശതമാനവും ഓഹരിയുള്ള കമ്പനിയായി സർക്കാർ ഉടമസ്ഥതയിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. 5100 കോടി രൂപയുടെ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലിന് 1000 കോടി രൂപ സംസ്ഥാന സർക്കാർ ബജറ്റ് വിഹിതമായി നൽകേണ്ടിവരും; ബാക്കി തുക ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽ നിന്നുമുള്ള ദീർഘകാല വായ്പ, അടിസ്ഥാന സൗകര്യ വികസന ബോണ്ട്, പൊതു-സ്വകാര്യ പങ്കാളിത്തം മുതലായ മാർഗ്ഗ ങ്ങളിലൂടെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. ബാംഗ്ലൂർ ആസ്ഥാനമായുള്ള വിൽബർ സ്മിത്ത് അസോസിയേറ്റ്സ് എന്ന കൺസൾട്ടന്റിനെയാണ് റോഡുകൾ തെരഞ്ഞെടുക്കുന്നതിനുള്ള പഠനത്തിനായി ചുമതലപ്പെടുത്തി യിട്ടുള്ളത്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ എംപാനലിൽ ഉൾപ്പെട്ട കൺസൾട്ടന്റുമാരിൽനിന്ന് ദർഘാസുകൾ ക്ഷണിച്ച് QCBS (Quality cum - Cost Based Selection) എന്ന സംവിധാനത്തിലൂടെ പൊതു മരാമത്ത് വകുപ്പ് സെക്രട്ടറി, നാറ്റ്പാക്കിന്റെ മുൻ ഡയറക്ടർ പ്രൊഫ. ഡോ.

എൻ. എസ്. ശ്രീനിവാസൻ, കേരള റോഡ് ഫണ്ട് ബോർഡ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ എന്നിവരടങ്ങിയ ഒരു കമ്മിറ്റിയാണ് സെലക്ഷൻ നടത്തിയതെന്നും മന്ത്രി അറിയിച്ചു. കെ.എസ്.ടി.പി റോഡുകളിൽ സീബ്രാലൈനുകളും സൂചനാ ബോർഡുകളും സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. റോഡുകളുടെ ഗുണനിലവാരമില്ലായ്മ സംബന്ധിച്ച് പരിശോധിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി നവംബർ 16, 17, 18 തീയതികളിലായി ഒരു ഇൻഫ്രാസ്ട്രക്ച്ചർ കോൺഫറൻസ് തിരുവനന്തപുരത്ത് സംഘടിപ്പി ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഭാഗമായി എറണാകുളം സബർബൻ ഏരിയയിൽ റിംഗ് റോഡ് നിർമ്മിക്കുന്നതു സംബന്ധിച്ച് നാളെ മുഖ്യമന്ത്രിയുടെ ചേംബറിൽ കൂടുന്ന യോഗത്തിൽ തീരുമാനമെടുക്കുന്നതാണ്. വെങ്ങളം-പൊന്നാനി റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജനപ്രതിനിധികളുടേയും എം.എൽ.എ.മാരുടേയും സഹകരണം ആവശ്യമാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

**36 (*244) ടൂറിസം ഡെസ്റ്റിനേഷൻ കൗൺസിലുകൾ**

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ( ശ്രീ. എ. പി. അനിൽ കുമാർ) നൽകിയ മറുപടിയിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും നിയമസഭയിലേയും അംഗങ്ങൾ മാറിയ തിനനുസരിച്ച് പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി ടൂറിസം ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ പുന:സംഘടിപ്പിക്കുന്നതിനും ഇവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സജീവമാക്കുന്നതിനുമുള്ള

നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും 30.9.2011-ലെ ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ പുന:സംഘടിപ്പിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സ്വയംപര്യാപ്തത നേടി പ്രവർത്തനം നടത്താവുന്ന രീതിയിൽ രൂപീകരിച്ചിട്ടുള്ള ടൂറിസം ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികളിൽ സജീവ പ്രവർത്തനം നടത്തുന്നവയ്ക്ക് പ്രത്യേക പരിഗണന നൽകി ധനസഹായം നൽകുന്നതാണ്. ആകെയുള്ള 37 ഡി.എം.സി.-കളിൽ വയനാട് ജില്ലയിലേയും കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട്, തലശ്ശേരി, പഴശ്ശി ഒഴികെയുള്ള ഡി.എം.സി.-കളുമാണ് യോഗം ചേരാത്തത്. 'നിള കൾച്ചറൽ ടൂറിസം' പദ്ധതിക്കുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. അതിരപ്പിള്ളിയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പാക്കുന്ന 5 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതാണെന്നും ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് രാമക്കൽമേട്ടിൽ രണ്ടാംഘട്ട പദ്ധതി ആരംഭിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

### 37 (*245) <u>വസ്തുനികുതി നിർണ്ണയ ബോർഡ് രൂപീകരിക്കുവാൻ നടപടി</u>

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) നൽകിയ മറുപടിയിൽ, 13-ാം ധനകാര്യ കമ്മിഷന്റെ ശുപാർശ പ്രകാരം കേരളത്തിന് പെർഫോമൻസ് ഗ്രാന്റ് ലഭ്യമാക്കുന്നതിനുള്ള 10 നിബന്ധനകളിൽ ഒന്നായ പ്രോപ്പർട്ടി ടാക്സ് ബോർഡിന്റെ രൂപീകരണം 08.03.2011-ലെ ഉത്തരവുപ്രകാരം നിർവ്വഹിച്ചിട്ടുണ്ടെന്നും ഈ ബോർഡ് നില

വിൽ വരുന്നതോടുകൂടി വരുമാനവർദ്ധനവും നികുതി നിർണ്ണയത്തിൽ ഏകീകരണവും ഉണ്ടാകുമെന്നും സഭയെ അറിയിച്ചു. വസ്തുവകകളുടെ ശരിയായ അസ്സസ്മെന്റ്, ശരിയായ നികുതി ഘടന എന്നിവയിലൂടെ തദ്ദേശസ്വയം ഭരണ വകുപ്പിൻകീഴിലുള്ള സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുക, വസ്തുനികുതി മൂല്യനിർണ്ണയം ചെയ്യുന്നതിൽ സുതാര്യത ഉറപ്പുവരുത്തുക, പൊതുജനങ്ങൾക്ക് വസ്തുനികുതി താരതമ്യം ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക തുടങ്ങിയ മാറ്റങ്ങളാണ് ഉദ്ദേശിക്കുന്നത്. വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിക്കുന്നതിന് പകരമായി 'പ്ലിന്ത് ഏരിയ'യുടെ അടിസ്ഥാനത്തിൽ കെട്ടിടം ഉടമയ്ക്ക് സ്വയം നികുതി നിർണ്ണയിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.